## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1564

12-06-2019-ൽ മറുപടിക്ക്

## കർഷകർക്ക് പുതിയ വായ്പാസൗകര്യങ്ങൾ

**ചോദ്യം**

**ശ്രീ. എം.ഉമ്മർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്കായി പുതിയ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷിവകുപ്പ് എല്ലാ സഹായങ്ങളും ചെയ്തുവരുന്നു. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേകിച്ച് കിസാൻ ക്രഡിറ്റ് കാർഡ് ലഭിക്കുന്നതിന് കൃഷി ഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ ശുപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നു. ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റി (BLBC) ജില്ലാതല റിവ്യൂ കമ്മിറ്റി (DLRC), സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) എന്നിവയിൽ കൃഷി വകുപ്പിന്റെ പ്രതിനിധികൾ അംഗമാണ്. പ്രസ്തുത കമ്മറ്റിയോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിനെകുറിപ്പ് ചർച്ച ചെയ്യാറുമുണ്ട്. ഇതോടൊപ്പം വായ്പ ലഭ്യാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദിയിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്താറുമുണ്ട്. ഈ വേദികളിൽ നിന്നും ലഭിക്കുന്ന കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നടപടിയെടുത്തുവരുന്നു.<br>സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീണ ബാങ്കിന്റെ സഹായത്തോടുകൂടി ഹരിതകാർഡുകൾ കർഷകർക്ക് നൽകി വരുന്നു. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നതായി കണ്ടുവരുന്നു. കൂടാതെ ഹരിതകാർഡ് കൃഷിക്കാരുടെ ഒരു തിരിച്ചറിയൽ കാർഡായും ഉപയോഗിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ രൂപീകരിച്ച RKLS, ഉജ്ജീവന എന്നീ പദ്ധതികളിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സഹകരിച്ച് വായ്പകൾ നൽകുന്നുണ്ട്. |
| (ബി) | കേന്ദ്രസർക്കാർ നൽകിവരുന്ന മൂന്ന് ശതമാനം പലിശ ഇളവ് കൂടാതെ സംസ്ഥാനസർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | (ബി) | 2018 ലെ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിൽ മാനദണ്ഡപ്രകാരം ആനുകൂല്യം ലഭിച്ച കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം, കൃഷി വായ്പ (crop loan) കൃത്യമായി തിരിച്ചടയ്ക്കുന്ന പക്ഷം 4% താങ്ങ് പലിശ (Interest subvention) ഒരു വർഷത്തേയ്ക്ക് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഈ ആനുകൂല്യം പ്രഖ്യാപിച്ച സർക്കാർ ഉത്തരവിന് മുൻപായി (17/12/2018) വായ്പ എടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും പ്രസ്തുത സഹായം ലഭ്യമാണ്. കൂടാതെ VFPCK മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ 2% പലിശകൂടി തിരികെ നല്കുന്നതാണ് എന്ന് VFPCK യുടെ പച്ചക്കറി കൃഷി വികസന പദ്ധതി വിഭാവനം ചെയ്യുന്നു.<br>സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും ഹ്രസ്വകാല കാർഷിക വായ്പ എടുത്ത ശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് സംസ്ഥാന സർക്കാർ 4% പലിശ, ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം നൽകിവരുന്നു. ഇതുകൂടാതെ കർഷകർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് അനുവദിക്കുന്ന കടാശ്വാസം സഹകരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്നു. |
| (സി) | പുതിയ വായ്പാപദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കടക്കെണിയിലായ കർഷകർക്ക് എന്തെല്ലാം പുതിയ പാക്കേജുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയിലുണ്ടായ വൻ നാശനഷ്ടം കണക്കിലെടുത്ത് താഴെ പറയുന്ന ആനുകൂല്യങ്ങൾ നല്കുവാൻ 05-03-2019 -ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.<br>1. സംസ്ഥാനത്തെ കർഷകർ വിവിധ ധനകാര്യസ്ഥാപനങ്ങൾ വിവിധ സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ കൂടാതെ റവന്യൂ റിക്കവറി ആക്ട് 1968, 71-ാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനം, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2019 ഡിസംബർ 31 വരെ മോറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2. കർഷക കടാശ്വാസ കമ്മീഷൻ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ കൂടുതൽ കൃഷിക്കാരിൽ എത്തിക്കാനുള്ള തീരുമാനങ്ങൾ കൈകൊള്ളുകയും, കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്നത് പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.<br>3. പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷികർഷർ, തേനീച്ച കർഷകർ തുടങ്ങിയ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകി. ഇതോടൊപ്പം കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരേയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ 50,000/- രൂപയ്ക്ക് മുകളിലുള്ള കടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇത് വഴി കർഷകർക്ക് 2 ലക്ഷം രൂപവരെയുള്ള ആശ്വാസമാണ് ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ